പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4820 27.06.2014-ലെ മറുപടിക്ക്

അടൂർ മണ്ഡലത്തിൽ മേഖലാ ക്ഷീരവികസന പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അടൂർ മണ്ഡലത്തിൽ പെരിങ്ങനാട് വില്ലേജിൽ ആരംഭിക്കുവാൻ തീരുമാനിച്ച മേഖലാ ക്ഷീരവികസന പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം തുടങ്ങുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമാണെന്ന് അറിയിക്കുമോ ; | (എ) കേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. |
| (ബി) ഈ കേന്ദ്രത്തിന്റെ ആവശ്യത്തിലേയ്ക്കായി എത്ര തസ്തിക പുതിയതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും അവ ഏതെല്ലാമെന്നും അറിയിക്കുമോ ; | (ബി) പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിരുന്നില്ല. |
| (സി) സ്വന്തമായി സ്ഥലവും കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളെല്ലാം ഉണ്ടായിട്ടും പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നതിലുള്ള കാലവിളംബം പരിഹരിക്കുന്നതിനായി നാളിതുവരെ ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;<br>(ഡി) അടിയന്തിരമായി ഈ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) & (ഡി) പരിശീലന കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയമിച്ചെങ്കിൽ മാത്രമേ കേന്ദ്രം പ്രവർത്തന സജ്ജമാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ